ഭരണഭാഷ- മാതൃഭാഷ

TRY/ 10573/2019-F1

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 07/08/2019

**സർക്കുലർ നം. 38 / 2019**

വിഷയം: സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന നിർദേശം- സംബന്ധിച്ച്

സൂചന: ട്രഷറി ജോയിന്റ് ഡയറക്ടർ സ്റ്റാമ്പ് വെണ്ടേഴ്സിന്റെ സംഘടനാ നേതാക്കളുമായി 11-06-2019 ൽ നടത്തിയ മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്നത്.

1. സ്റ്റാമ്പ് വെണ്ടർമാർ ലീവ് അപേക്ഷ ട്രഷറിയിൽ സമർപ്പിക്കുന്നുണ്ടോ എന്നുള്ള കാര്യം ട്രഷറി ഓഫീസർമാർ നടത്തുന്ന പരിശോധനയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. സ്റ്റാമ്പ് വെണ്ടർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഓഫീസിൽ വച്ച് മാത്രം മുദ്രപ്പത്ര വിൽപ്പന നടത്തുന്നുവെന്നും മുദ്രപ്പത്രം കൊണ്ട് പോയി വിൽപ്പന നടത്തുന്നില്ലെന്നും ഉറപ്പാക്കേണ്ടതാണ്. ട്രഷറി ഓഫീസർമാർ ഇപ്പോൾ നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

3. നാൾവഴി രജിസ്റ്ററിൽ അതാതു ദിവസം വിൽപ്പന അവസാനിപ്പിക്കുമ്പോൾ തന്നെ, മുദ്രപ്പത്രത്തിന്റെ നീക്കിയിരുപ്പ് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തണമെന്നും നാൾവഴിയിൽ വരുത്തുന്ന എൻട്രികൾ തുടർച്ചയായിട്ടുള്ളതും ഇടക്ക് മറ്റ് രേഖപ്പെടുത്തലിന് ഇടയില്ലാത്തവിധം നീക്കിയിരുപ്പ് വിവരം പ്രത്യേകമായി കാണിച്ചിരിക്കണമെന്നും സ്റ്റാമ്പ് വെണ്ടർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4. സ്റ്റാമ്പ് വെണ്ടർ ലൈസൻസ് പുതുക്കാതിരിക്കുകയും പുതുക്കി വാങ്ങിയ വെണ്ടർ ലൈസൻസ് പ്രകാരം തുടർച്ചയായി മുദ്രപ്പത്രങ്ങൾ എടുക്കാതിരിക്കുകയും ചെയ്യുന്നവർക്ക് നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെടേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ബന്ധപ്പെട്ട ട്രഷറി ഓഫീസറുടെ ഉത്തരവാദിത്വമായിരിക്കും.

5. വെണ്ടറുടെ ഔട്ട് ലെറ്റ് പരിശോധനാ സമയത്ത് ടിയാളുടെ നാൾവഴി രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പുള്ള മുഴുവൻ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുകയും സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയാൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

എ.എം.ജാഫർ
**ട്രഷറി ഡയറക്ടർ**

പകർപ്പ് : എല്ലാ ട്രഷറി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും/ ജില്ലാ ട്രഷറി/സബ് ട്രഷറി/ സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാരും/കരുതൽ

ഉത്തരവിൻപ്രകാരം
9/8/19
സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna Buildings TC No.28/629, Thycadu.P.O, Thiruvananthapuram, Pin 695014 Ph No.0471-2322533
Fax No 0471-2324229 Mail ID keralatreasury@gmail.com. Website treasury.kerala.gov.in